ഞാനാഗ്രഹിക്കുന്നത്. ഏറ്റുമാനൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 22 റബർ ഫാക്ടറികളിൽനിന്ന് പുറത്തേയ്ക്ക് വമിക്കുന്ന മലിനീകരണ സാധനങ്ങളും ആ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തെ കാതലായി ബാധിക്കുന്നു. ഏറ്റുമാനൂർ പരിസ്ഥിതി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ഒരു മെമ്മോറാണ്ടം ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. അത് സംബന്ധിച്ച് ചിലനടപടികളും സ്വീകരിച്ചിട്ടുണ്ട്. ആ പ്രദേശത്ത് റബർ അസംസ്കൃത സാധനമായി ഉപയോഗിക്കുന്ന ഫാക്ടറികളിൽ നിന്ന് വരുന്ന സാധനങ്ങൾ മനുഷ്യർക്കു മാത്രമല്ല ജീവജാലങ്ങൾക്കു പോലും അപകടം സംഭവിക്കുന്ന സാഹചര്യങ്ങളാണുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഇതിൻമേൽ സത്വരനടപടികളും എടുക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്): സർ, ഏറ്റുമാനൂർ ഇൻഡസ്ട്രിയൽ ഏരിയയിൽ 47 വ്യവസായങ്ങളുള്ളതിൽ 40 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ വായു മലിനീകരണ സാദ്ധ്യതയുള്ള 14 ട്രഡ് റബർ യൂണിറ്റുകളും രണ്ട് ബാറ്ററി കണ്ടെയിനർ യൂണിറ്റുകളുമാണുള്ളത്. വായു മലിനീകരണത്തിന് സാദ്ധ്യത കൂടിയ കാർബൺ മിക്സിംഗ് അപൂർവ്വമായി പ്രവർത്തിപ്പിക്കുന്ന 13 സ്ഥാപനങ്ങളിൽ നിന്നും മലിനീകരണം താരതമ്യേന കുറവാണ്. മൂന്ന് കാർബൺ മിക്സിംഗ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്ന 'മിഡാസ്' റബർ ഫാക്ടറിയിൽ നിന്നാണ് ഏറ്റവും കൂടുതൽ മലിനീകരണം അനുഭവിക്കുന്നത്. ഈ കമ്പനിക്ക് വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 7-11-1990-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കമ്പനി സ്വീകരിച്ചു വരുന്ന നടപടി ബോർഡ് നിരീക്ഷിച്ചു വരികയാണ്. ഏറ്റുമാനൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രദേശം വായു മലിനീകരണ നിയന്ത്രണ മേഖലയായി ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല. സംസ്ഥാനമൊട്ടാകെ വായു മലിനീകരണ നിയന്ത്രണ മേഖലയായി പ്രഖ്യാപിക്കാൻ നടപടിയെടുത്തു വരുന്നു. അത് ഔദ്യോഗികമായി പ്രഖ്യാപിച്ചാലെ നിയമപരമായി നിർബന്ധ വ്യവസ്ഥയോടുകൂടി ഈ വക കാര്യങ്ങളും പാലിക്കണമെന്ന് അവരോട് പറയാനൊക്കുകയുള്ളു. അതിനുശേഷം ഈ കാര്യം നോക്കാം. ഏതായാലും ശരി ഇതിനാവശ്യമായ സംവിധാനങ്ങളും സജ്ജീകരിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(2) അമ്മിനിക്കാട്—ഒടമല—പാറൽ റോഡ്

ശ്രീ. നാലകത്ത് സൂപ്പി: സർ, എന്റെ നിയോജക മണ്ഡലത്തിലെ രണ്ടാമത്തെ എം. എൽ. എ. റോഡായ അമ്മിനിക്കാട്—ഒടമല—പാറൽ റോഡ് 1987-ൽ പണിയാരംഭിച്ച് ഏതാനും ഭാഗങ്ങളിൽ എർത്ത് വർക്ക് മാത്രം ചെയ്ത് പണി മുടങ്ങിക്കിടക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിലൊക്കെ പരാതി നൽകിയിരുന്നു. ബന്ധപ്പെട്ട കരാറുകാരൻ യാതൊരു കാരണവുമില്ലാതെ പണി നിറുത്തിവച്ച് പോയിയെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കരാറുകാരന്റെ അനാസ്ഥയാണ് പണി മുടങ്ങാനുള്ള കാരണം. നിയമപരമായ നടപടികളെടുത്ത് അയാളെ ഒഴിവാക്കിയിട്ടെങ്കിലും പുനർനിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) തൃശ്ശൂർ മുനിസിപ്പാലിറ്റിയിലെ വെള്ളക്കരം

ശ്രീ. കെ. ജെ. ജോർജ്: സർ, തൃശ്ശൂർ മുനിസിപ്പാലിറ്റി അവിടത്തെ ജനങ്ങൾക്ക് വളരെക്കാലമായി കുടിവെള്ളം വിതരണം ചെയ്യുന്ന വരാണ്. ഈ കഴിഞ്ഞ മാർച്ച് 13-ാം തീയതി ഗവൺമെന്റ് അത് ഏറ്റെടുത്തിരിക്കുകയാണ്. മുനിസിപ്പാലിറ്റി വെള്ളം വിതരണം ചെയ്യുമ്പോൾ വളരെ ആനുകൂല്യങ്ങൾ അവർക്ക് കൊടുത്തിരുന്നു. 5000 ലിറ്റർ വെള്ളം ഫ്രീയായി കൊടുത്തിരുന്നു. പിന്നീട് വരുന്ന ഓരോ ആയിരങ്ങൾക്കും 25 പൈസ എന്ന നിരക്കിൽ ആയിരുന്നു. അങ്ങനെ വളരെ നാമമാത്രമായ ഒരു റേറ്റിനാണ് തൃശ്ശൂർ മുനിസിപ്പാലിയ്ക്കകത്തുള്ള നിവാസികൾക്ക് വെള്ളം വിതരണം ചെയ്തിരുന്നത്. അത് ഗവൺമെന്റ് ഇപ്പോൾ ഏറ്റെടുത്തു കഴിഞ്ഞിരിക്കുകയാണ്. ഇന്ന് അവിടെ ഒരു സമരം നടന്നുകൊണ്ടിരിക്കുകയാണ്. ഈ ആനുകൂല്യങ്ങളൊക്കെ നഷ്ടപ്പെടുമെന്നുള്ള ഭയത്തിലാണ് ഈ സമരം നടന്നുകൊണ്ടിരിക്കുന്നത്. പൈപ്പ് കണക്ഷനും മെയിൻറനൻസും നടത്താനൊക്കെ വളരെയധികം വിഷമതകൾ വാട്ടർ അതോറിറ്റിയ്ക്കുണ്ടാകുമെന്നുള്ള ധാരണയുടെ പേരിലാണ് സമരം നടന്നുകൊണ്ടിരിക്കുന്നത്. ആ സമരം ഇല്ലായ്മ ചെയ്യുന്നതിനും മുനിസിപ്പാലിറ്റി കൊടുത്തിരുന്ന എല്ലാ ആനുകൂല്യങ്ങളും അവിടത്തെ നിവാസികൾക്ക് കിട്ടാനും വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അതിന് അനുകൂലമായ മറുപടി പറയുമെന്ന് പ്രതീക്ഷിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ): സർ, ഒന്നിലധികം പ്രാവശ്യം ഈ കാര്യം ഈ സഭ ചർച്ച ചെയ്തിട്ടുള്ളതാണ്. തൃശ്ശൂർ മുനിസിപ്പാലിറ്റിയിൽ മാത്രമായി ഒരു നടപടി സ്വീകരിച്ചിട്ടില്ല. 1986-ലുണ്ടായ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് 8 മുനിസിപ്പാലിറ്റികളും 2 കോർപ്പറേഷനുകളും ഉൾപ്പെടെ 1989 ഏപ്രിൽ 1-ാം തീയതി മുതൽ വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമാക്കിയത്. ഫിസിക്കലായിട്ടുള്ള ഹാൻഡ് ഓവറിംഗ് ഈ ഫെബ്രുവരി 28-ാം തീയതി മാത്രമേയായിട്ടുള്ളൂ. അവിടെ സമരം നടക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. ജനകീയ ആവശ്യം ഉൾക്കൊള്ളിച്ചുകൊണ്ട് സമരം നടത്താൻ എല്ലാവർക്കും അവകാശമുണ്ട്. സമരത്തിന്റെ വിവിധ വശങ്ങളാണ് പരിശോധിക്കേണ്ടത്. പ്രധാനമായും പ്രശ്നം വന്നിരിക്കുന്നത് അവിടെ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുകയില്ല എന്നാണ്. അങ്ങനെയൊരു ആശയക്കുഴപ്പമുണ്ടാക്കാൻ ബോധപൂർവ്വമായ പരിശ്രമങ്ങൾ ചില കേന്ദ്രങ്ങളിൽ നിന്നുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഈ സഭയുടെ അറിവിനുവേണ്ടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ് ഈ ഗവൺമെന്റ് യാതൊരു രീതിയിലും ചാർജ് വർദ്ധനവുണ്ടാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നുമാത്രമല്ല ഓരോ മുനിസിപ്പാലിറ്റിയിലും ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കുന്നതായിരിക്കും. വാട്ടർ കണക്ഷന്റെ കാര്യത്തെക്കുറിച്ച് ഏതെല്ലാം മുനിസിപ്പാലിറ്റികൾ ഏതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly